**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**വിജ്ഞാപനം**

**ബി.എസ്.സി അഗ്രികൾച്ചർ കോഴ്സിലേയ്ക്കുള്ള പ്രവേശനം-2022**
**ഡിപ്ലോമ ഹോൾഡേഴ്സ് ഇൻ അഗ്രികൾച്ചർ സയൻസ് (DG)/ ഡിപ്ലോമ ഹോൾഡേഴ്സ് ഇൻ ഓർഗാനിക് അഗ്രികൾച്ചർ (DN)**
**ഓൺലൈൻ അപേക്ഷയിൽ അർഹമായ കാറ്റഗറി ക്ലെയിം തെരെഞ്ഞെടുക്കുന്നത് സംബന്ധിച്ച്**

കീം പ്രോസ്പെക്ടസ് വ്യവസ്ഥ 5.2.15 (i) പ്രകാരം ബി.എസ്.സി അഗ്രികൾച്ചർ കോഴ്സിന് അപേക്ഷ സമർപ്പിക്കുന്ന അവസാന വർഷ Diploma Holders in Agriculture Science (DG) /Diploma Holders in Organic Agriculture (DN) വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയോടൊപ്പം കോഴ്സ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യേണ്ടതുണ്ടായിരുന്നു. എന്നാൽ 01.07.2022 തീയതിയിലെ സ.ഉ (സാധാ) നം.1000/2022/ഉ.വി.വ പ്രകാരം അവസാന വർഷ Diploma Holders in Agriculture Science (DG), Diploma Holders in Organic Agriculture (DN) വിദ്യാർത്ഥികളെ കോഴ്സ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു. ഇതുപ്രകാരം കീം ഓൺലൈൻ അപേക്ഷയോടൊപ്പം കോഴ്സ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യാത്ത അവസാന വർഷ Diploma Holders in Agriculture Science (DG) /Diploma Holders in Organic Agriculture (DN) വിദ്യാർത്ഥികളുടെ ഓൺലൈൻ അപേക്ഷയിലെ DG/DN ക്ലെയിം അനുസരിച്ച് പ്രസ്തുത സീറ്റുകളിലേയ്ക്ക് പ്രവേശനത്തിനായി പരിഗണിക്കുന്നതാണ്. ആയതിനാൽ കീം ഓൺലൈൻ അപേക്ഷയോടൊപ്പം DG/DN ക്ലെയിം ചെയ്തിട്ടുള്ള വിദ്യാർത്ഥികൾ പ്രസ്തുത ക്ലെയിം യോഗ്യതക്കനുസരിച്ച് അർഹമായ രീതിയിൽ തന്നെയാണ് ചെയ്തിട്ടുള്ളതെന്ന് ഉറപ്പുവരുത്താനായി ഒരു അവസരം കൂടി നൽകുന്നു.

ഇതിനായി ഓൺലൈൻ അപേക്ഷയിൽ DG/DN ക്ലെയിം ചെയ്തിട്ടുള്ളതും എന്നാൽ പ്രസ്തുത ക്ലെയിം പ്രൊഫൈലിൽ അനുവദിക്കപ്പെട്ടിട്ടില്ലാത്തവരുമായ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ **18.11.2022, രാവിലെ 10.00 മണിവരെ** അർഹമായ ക്ലെയിം ഒരിക്കൽ കൂടി തെരെഞ്ഞെടുക്കുന്നതിന് അവസരം ഉണ്ടായിരിക്കുന്നതാണ്.

DG/DN ക്ലെയിം തെരെഞ്ഞെടുക്കുന്നതിനായി വിദ്യാർത്ഥികൾ **'KEAM –2022 Candidate Portal'** – ൽ അവരവരുടെ അപേക്ഷാ നമ്പരും പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് ദൃശ്യമാകുന്ന പ്രൊഫൈൽ പേജിൽ ലഭ്യമായ **'Claim DG/DN Reservation'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് മേൽ തീയതിക്കകം ഓൺലൈൻ അപേക്ഷയിലെ DG/DN ക്ലെയിം യോഗ്യതക്കനുസരിച്ച് തെരെഞ്ഞെടുക്കേണ്ടതാണ്.

നിശ്ചിത തീയതിക്കുള്ളിൽ അർഹമായ ക്ലെയിം സമർപ്പിക്കുന്ന വിദ്യാർത്ഥികളെ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന DG/DN കാറ്റഗറി ലിസ്റ്റിൽ താത്കാലികമായി ഉൾപ്പെടുത്തുന്നതാണ്. ഈ വിദ്യാർത്ഥികൾ അഗ്രികൾച്ചർ കോഴ്സിലേയ്ക്കുള്ള DG/DN സംവരണ സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം Diploma in Agriculture Science /Diploma in Organic Agriculture കോഴ്സ് സർട്ടിഫിക്കറ്റ് പ്രവേശന സമയത്ത് കോളേജ് അധികാരികൾക്ക് മുമ്പിൽ ഹാജരാക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.11.15 18:59:36 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**15/11/2022**